# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4683

20.10.2011- ൽ മറുപടിക്ക്

## ഭവന നിർമ്മാണ വായ്പ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ:

ഭവന നിർമ്മാണ വായ്പ എടുത്ത താഴ്ന്നവരുമാനക്കാരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. കെ. എം. മാണി.
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

ഭവന നിർമ്മാണ വകുപ്പിന്റെ 22.05.2007 -ലെ സ.ഉ.(എം.എസ്)നം.18/2007/ഭവനം, 20.05.2009-ലെ സ.ഉ.(എം.എസ്)നം. 21/2009/ഭവനം എന്നീ ഉത്തരവുകൾ പ്രകാരം ദുർബ്ബല/താഴ്ന്ന വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.11.2009-ലെ സ.ഉ.(എം.എസ്)നം. 222/2009/ത.സ്വ.ഭ.വ എന്ന ഉത്തരവു പ്രകാരവും, 30.01.2010- ലെ സ.ഉ.(എം.എസ്)നം. 22/2010/ത.സ്വ.ഭ.വ എന്ന ഉത്തരവു പ്രകാരവും, നഗര സഭകൾ, വികസന അതോറിറ്റികൾ എന്നിവ മുഖേന ഭവന വായ്പ എടുത്തവരുടെ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്.

കൂടാതെ 28.02.2011-ലെ സ.ഉ.(എം.എസ്) നം.67/2011/ത.സ്വ.ഭ.വ എന്ന ഉത്തരവു പ്രകാരം വിവിധ ഭവന പദ്ധതികളിലായി വായ്പ എടുത്ത ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകളും എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ